**യോഹന്നാൻ്റെ ജീവ-പഠനം**

**ദൂത് പതിനെട്ട്**

**ദാഹിക്കുന്നവരുടെ ആവശ്യം—ജീവൻ്റെ ദാഹശമനം (2)**

**തിരുവെഴുത്ത് വായന: യോഹന്നാൻ 7:1-53**

**C. ജീവൻ, മനുഷ്യൻ്റെ സകല അവസ്ഥയുടെയും ആവശ്യത്തെ നിറവേറ്റുന്നു—2:23—11:57**

**6. ദാഹിക്കുന്നവൻ്റെ ആവശ്യം—ജീവൻ്റെ ദാഹശമനം—7:1-52**

7:1-52~omitted.

**തിങ്കൾ:**

**പഠന രൂപരേഖ:**

**II. ജീവൻ മതത്തിൻ്റെ പീഡനത്തിൻ കീഴിൽ**

**A. മതത്തിൻ്റെ ഗൂഢാലോചനയും മതത്തിൻ്റെ പെരുന്നാളും**

1. മതാനുസാരികൾ മതത്തിൻ്റെ പെരുന്നാളിനെ കർത്താവായ യേശുവിനെ പീഡിപ്പിക്കുവാനുള്ള അവസരമായി ഉപയോഗിച്ചു.

**B. ജനത്തിൻ്റെ അവിശ്വാസത്തെ ജീവൻ സഹിക്കുന്നു**

1. പീഡിപ്പിക്കുന്ന യെഹൂദന്മാർ കർത്താവായ യേശുവിനെ കൊല്ലേണ്ടതിന് അന്വേഷിക്കുകയായിരുന്നു (7:1,21,25,30,32,34)

**C. സമയത്തിലുള്ള ജീവൻ്റെ പരിമിതി**

1. നിത്യനും അപരിമേയനും പരിധിയില്ലാത്തവനുമായ ദൈവം ആയിരുന്നുവെങ്കിലും (റോമ. 9:5), അവൻ സമയത്തിൻ്റെ കാര്യത്തിൽപോലും പരിമിതിയുള്ള ഒരു മനുഷ്യനായി ഭൂമിയിൽ ജീവിച്ചു (7:6-9).

**D. ജീവൻ ദൈവമഹത്വം അന്വേഷിക്കുന്നു**

1. കർത്താവ് സർവ്വശക്തിയുള്ള ദൈവമാകുന്നു (യെശ.9:6); എന്നാൽ പീഡനത്തിൻ കീഴിലുള്ള ഒരു മനുഷ്യനെന്ന നിലയിൽ അവൻ തൻ്റെ പ്രവൃത്തിയിൽ സ്വന്തമായ് പ്രവർത്തിച്ചില്ല.
2. കർത്താവ് സർവ്വജ്ഞാനിയായ ദൈവമാകുന്നുവെങ്കിലും, അവൻ വിനീതനായ ഒരു മനുഷ്യനായി, നിരക്ഷരനായി കാണപ്പെട്ടു.

**E. ജീവൻ്റെ ഉറവിടവും ഉത്ഭവസ്ഥാനവും-പിതാവായ ദൈവം**

1. അവൻ്റെ ഉറവിടം പിതാവായ ദൈവമായിരുന്നുവെങ്കിലും, ഗലീലയിലെ നസറെത്തിൽനിന്നുള്ള ഒരു മനുഷ്യനായി അവൻ വന്നു.
2. ഒരു നിർണ്ണായക തത്ത്വം ഇവിടെയുണ്ട്: കർത്താവിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പുറംകാഴ്ച ഒരിക്കലും നന്നായിരിക്കുകയില്ല, എന്നാൽ ആന്തരിക ഉണ്മ അത്ഭുതകരമായിരിക്കും.

ചൊവ്വ:

III. ദാഹിക്കുന്നവരോടുള്ള ജീവന്റെ നിലവിളി

A. **ഒടുക്കത്തെ നാൾ, മനുഷ്യജീവിതത്തിലെ ഏതു വിജയത്തിന്റെയും എല്ലാ ആസ്വാദനവും അവസാനിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു—വാ. 37**

1. ഏതുതരത്തിലുള്ള വിജയം നിങ്ങൾക്കുണ്ടായാലും അതിന് ഒരു അവസാനനാൾ ഉണ്ടായിരിക്കും
2. “ഒടുക്കത്തെ നാൾ” എന്ന ശൈലി ആറും ഏഴും അദ്ധ്യായങ്ങളിലും കാണുന്നു (6:39-40:7:37).
3. എന്നാലും, ഇവ വത്യസ്തമായ രണ്ട് ഒടുക്കത്തെ നാളുകളാണ്. ആറാം അദ്ധ്യായത്തിലെ ഒടുക്കത്തെ നാൾ വിദൂര ഭാവിയിൽ കർത്താവ് നമ്മെ ഉയിർപ്പിക്കുമ്പോഴുള്ള അത്യന്തികമായ ഒടുക്കത്തെ നാൾ ആണ്.
4. ഏഴാം അദ്ധ്യായത്തിലെ ഒടുക്കത്തെ നാൾ നമ്മുടെ മനുഷ്യജീവിതത്തിലെ അനേകം ഒടുക്കത്തെ നാളുകളെ പരാമർശിക്കുന്നു.

B. **വന്നു കുടിക്കുവിൻ എന്ന വിളി—വാ. 37**

1. ജനം സംതൃപ്തരായിരുന്നില്ല. കഴിഞ്ഞ ഏഴു ദിവസം അവർ ആസ്വദിച്ച കാര്യങ്ങൾ അവരുടെ ദാഹം ശമിപ്പിച്ചില്ല
2. അവർ വന്ന് ക്രിസ്തുവിൽനിന്ന് കുടിച്ചിരുന്നുവെങ്കിൽ, അവരുടെ ആളത്തത്തിന്റെ ആഴങ്ങളിൽനിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകുമായിരുന്നു.
3. അടിക്കപ്പെട്ട പാറയിൽനിന്ന് പുറത്തേക്കൊഴുകുവാൻ പോകുന്ന പരിശുദ്ധാത്മാവാണ് ജീവജലം.
4. കർത്താവ് ഈ വാക്കുകൾ സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവ് “അതുവരെയും ഇല്ലായിരുന്നു.” കാരണം കർത്താവ് അടിക്കപ്പെടുകയും തേജസ്കരിക്കപ്പെടുകയും ചെയ്തിട്ടില്ലായിരുന്നു (7:39)

ബുധൻ:

C. **ജീവജലനദികളുടെ ഒഴുക്ക്—വാ. 38**

1. നാലാം അദ്ധ്യാത്തിൽ, താൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് കർത്താവ് പറഞ്ഞു.
2. ഏഴാം അദ്ധ്യാത്തിൽ കർത്താവ് ഒന്നുകൂടി മുന്നോട്ട് പോയിട്ട്, തന്നിൽനിന്ന് കുടിക്കുന്നവന് ജീവജലനദികളുടെ ഒഴുക്ക് ഉണ്ടാകുമെന്ന് പറഞ്ഞു.
3. കർത്താവ് കേവലം ഒരൊഴുക്കിനെക്കുറിച്ചല്ല, മറിച്ച് നദികളെക്കുറിച്ചായിരുന്നു പറഞ്ഞത്.
4. ജീവജലത്തിന്റെ ഏക നദി പരിശുദ്ധാത്മാവാണ്. ഈ ഏക നദിയിൽനിന്ന് സമാധാനവും സന്തോഷവും ആശ്വാസവും നീതിയും ജീവനും വിശുദ്ധിയും സ്നേഹവും ക്ഷമയും താഴ്മയും തുടങ്ങി അനേക നദികൾ പുറത്തേക്ക് ഒഴുകും.

D. **ആത്മാവ് അതുവരെ ഇല്ലായിരുന്നു—വാ. 39**

1. ആദിമുതൽ തന്നെ ദൈവത്തിന്റെ ആത്മാവ് ഉണ്ടായിരുന്നു, എന്നാൽ കർത്താവായ യേശു ഈ വാക്ക് സംസാരിക്കുമ്പോൾ, അവൻ തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നതിനാൽ “ക്രിസ്തുവിന്റെ ആത്മാവ്” (റോമ.8:9) എന്ന നിലയിലും, "യേശുക്രിസ്തുവിന്റെ ആത്മാവ്" (ഫിലി.1:19) എന്ന നിലയിലും ആത്മാവ് “അതുവരെയും ഇല്ലായിരുന്നു.”

2. യേശു തേജസ്കരിക്കപ്പെട്ടത് അവൻ പുനരുത്ഥാനം ചെയ്തപ്പോഴായിരുന്നു
3. അവന്റെ പുനരുത്ഥാനത്തിനു ശേഷം, ദൈവത്തിന്റെ ആത്മാവ്, ജഡാവതാരം ചെയ്യുകയും ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുക്രിസ്തുവിന്റെ ആത്മാവായിത്തീർന്നു.
4. ആത്മാവ് ദൈവത്തിന്റെ ആത്മാവായിരുന്നപ്പോൾ, അവന് ദിവ്യമൂലകം മാത്രമേ ഉണ്ടായിരുന്നുള്ളൂ.
5. അവൻ യേശുക്രിസ്തുവിന്റെ ആത്മാവായിത്തീർന്നപ്പോൾ, അവന് ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശ്മരണം, പുനരുത്ഥാനം എന്നിവയുടെ എല്ലാ സാരാംശത്തോടും യാഥാർത്ഥ്യത്തോടുംകൂടെ ദിവ്യമുലകവും മനുഷ്യമുലകവും ഉണ്ടായിരുന്നു.

**വ്യാഴം:**

**IV. ജീവന്റെ പ്രത്യക്ഷത മുലമുള്ള ഭിന്നത—വാ. 40-52**

A. പുറമേയുള്ള കാഴ്ചപ്പാടനുസരിച്ച് പലരും കർത്താവിനെ മനസ്സിലാക്കി. എന്നാൽ നാം അവനെ ജഡപ്രകാരമല്ല (2 കൊരി.5:16), ആത്മാവിൻ പ്രകാരം അറിയണം.
B. പുറംകാഴ്ചക്ക് ശ്രദ്ധ കൊടുക്കരുത്. നാം അകമേയുള്ളത് കാണണം.
C. പുറമേയുള്ള കാഴ്ചപ്പാടനുസരിച്ചല്ല, ആന്തരിക യാഥാർത്ഥ്യമനുസരിച്ച് കർത്താവായ യേശുവിനെ അനുഗമിക്കുവാൻ നാം പഠിക്കണം.

**വെള്ളി:**

**ചോദ്യങ്ങൾ:**

1. ജീവൻ മതത്തിന്റെ പീഡനത്തിൻ കീഴിലായിരിക്കുന്നതിന്റെ വിവിധ വശങ്ങൾ വിവരിക്കുക.
2. വാക്യം 37-ലെ ഒടുക്കത്തെ നാൾ എന്തിനെ സൂചിപ്പിക്കുന്നു? ആറാം അദ്ധ്യായത്തിലെ ഒടുക്കത്തെ നാളും ഏഴാം അദ്ധ്യായത്തിലെ ഒടുക്കത്തെ നാളും തമ്മിലുള്ള വ്യത്യാസം എന്ത്
3. തന്നിൽനിന്ന് കുടിക്കുന്നവന് ജീവജലനദികളുടെ ഒഴുക്ക് ഉണ്ടാകുമെന്ന് കർത്താവ് പറഞ്ഞത് എന്തുകൊണ്ട്?
4. വാക്യം 39-ൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു എന്ന് പറഞ്ഞിരിക്കുന്നതിന്റെ അർഥം വിശദമാക്കുക. യേശുവിന്റെ തേജസ്കരണത്തിന്റെ മുൻപുള്ള ആത്മാവും തേജസ്കരണത്തിന് ശേഷമുള്ള ആത്മാവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുക
5. എന്തുകൊണ്ട് കർത്താവിനെ ജഡപ്രകാരമല്ല ആത്മാവിൻ പ്രകാരം അറിയണം എന്ന് പറഞ്ഞിരിക്കുന്നു?